## സംസ്ഥാനത്തിന്റെ റവന്യൂ കമ്മി

21 (1076) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്രയായി വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) റവന്യൂ ക്രമാതീതമായി ഉയരുന്നതിനെ 11-ാം ധനകാര്യകമ്മീഷൻ വിമർശിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരമുള്ള വർദ്ധനവ് കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 1999-2000 സാമ്പത്തിക വർഷം 2230.39 കോടി രൂപയുടെ റവന്യൂ കമ്മിയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വർദ്ധിച്ചുവരുന്ന റവന്യൂക്കമ്മി അഭിലഷണീയമല്ല എന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) റവന്യൂ കമ്മി പരമാവധി കുറയ്ക്കുന്നതിനു വേണ്ടി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പല വകുപ്പുകളിലെയും നോൺ ടാക്സ് റവന്യൂ വരുമാനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മറ്റു വകുപ്പികളിലെ വരുമാനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വ്യയനിയന്ത്രണം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടി നേരത്തെയുള്ള നിയന്ത്രണങ്ങൾക്കു പുറമെ കുറെക്കൂടി കർശനമായ നിയന്ത്രണങ്ങൾ സർക്കാർ ഈയിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

22 (1077) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1998 മാർച്ച് 31-ന് കേരളത്തിന്റെ മൊത്തം കടബാദ്ധ്യത എത്രയാണ് ;

(ബി) 1999 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്ര ;

(സി) 2000-മാണ്ട് മാർച്ചിലെ കടബാദ്ധ്യത എത്രയായിരിക്കുമെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഡി) 1999 നവംബർ 30-ന് സംസ്ഥാന സർക്കാരിന്റെ മൊത്തം കട ബാദ്ധ്യത എത്രയെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, ലഘുസമ്പാദ്യങ്ങൾ പ്രോവിഡന്റ് ഫണ്ടുകൾ എന്നീ ഇനങ്ങളിലായി 12,868. 14 കോടി രൂപ.

(ബി) താത്ക്കാലിക കണക്കുകളനുസരിച്ച് 15,574. 35 കോടി രൂപ

(സി) 1998- 99 ലെ കടബാദ്ധ്യതയും (താത്ക്കാലിക കണക്ക്), 1999-2000-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ചുള്ള കടബാദ്ധ്യതയും കണക്കിലെടുത്ത് മൊത്തം കടബാദ്ധ്യത 18,287 .84 കോടി രൂപയായിരിക്കുമെന്ന് അനുമാനിക്കുന്നു.

(ഡി) അക്കൗണ്ടന്റ് ജനറലിൽനിന്നും അവസാനകണക്ക് ലഭിച്ചിട്ടില്ല.

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

**23(1078)** ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ ക്ലോസിംഗ് ബാലൻസ് എത്രയായിരുന്നു ;

(ബി) 1996 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ ക്ലോസിംഗ് ബാലൻസ് എത്രയായിരുന്നു ;

(സി) അന്നത്തെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നു ;

(ഡി) 1999 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയാണ് ;

(ഇ) 1999 ഡിസംബർ 31-ലെ നിലയനുസരിച്ച് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയാണ് ?

ഉത്തരം

(എ) 13.66 കോടി രൂപ

(ബി) 4.62 കോടി രൂപ

(സി) 1996 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ ആഭ്യന്തരകടം, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ എന്നീ ഇനങ്ങളിലായി 10,113.54 കോടി രൂപ.

(ഡി) താത്ക്കാലിക കണക്കനുസരിച്ച് 15,574. 35 കോടി രൂപയാണ്.

(ഇ) 1999 ഡിസംബറിലെ കണക്ക് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly